ജില്ലാ കോടതി, കോഴിക്കോട്.

Office : 0495- 2366091
Fax : 0495- 2761590
Email : courtkkd.ker@nic.in

വിജ്ഞാപനം

വിജ്ഞാപന തിയതി: 05.11.2025
നമ്പർ: A1- 13436/2025

അപേക്ഷ ലഭിക്കേണ്ട അവസാന തിയതി: 10.11.2025
വൈകുന്നേരം 5 മണി.

ജില്ലയിൽ കൊയിലാണ്ടിയിൽ പ്രവർത്തിക്കുന്ന കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമ (പോക്സോ) കേസുകൾ മാത്രം കൈകാര്യം ചെയ്യുന്നതിനായുള്ള പ്രത്യേക അതിവേഗകോടതിയിൽ ഉണ്ടാകാൻ പോകുന്ന ഒഴിവുകളിലേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്നതിനുവേണ്ടി അർഹരായവരുടെ പട്ടിക തയ്യാറാക്കുന്നുണ്ട്. ആയതിലേക്ക് സന്നദ്ധരും യോഗ്യതയുള്ളവരുമായ വ്യക്തികളിൽ നിന്നും നിശ്ചിത ഫോറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

വകുപ്പ്:-
സിവിൽ ജുഡീഷ്യറി, കോഴിക്കോട് ജില്ല

ഒഴിവുകളുടെ എണ്ണം:-

ക്രമ നമ്പർ	തസ്തിക	മാസശമ്പളം	പ്രതീക്ഷിത ഒഴിവുകളുടെ എണ്ണം
1	ഓഫീസ് അറ്റന്റന്റ്/പ്യൂൺ	18390/-	2

യോഗ്യത:-

1. അപേക്ഷകർ അവർ അപേക്ഷിക്കുന്ന തസ്തികയിൽ നിന്നോ ഉയർന്ന തസ്തികയിൽ നിന്നോ കോടതികളിൽ നിന്ന് വിരമിച്ചവരാകണം. കോടതികളിൽ നിന്ന് വിരമിച്ച അപേക്ഷകരുടെ അഭാവത്തിൽ മറ്റു വകുപ്പുകളിൽ നിന്ന് വിരമിച്ചവരെയും പരിഗണിക്കുന്നതാണ്.
2. അപേക്ഷകർക്ക് 62 വയസ്സ് പൂർത്തിയാകാൻ പാടില്ല.

നിയമന രീതി:

നിയമനം തുടർച്ചയായി 179 ദിവസത്തേക്കോ അല്ലെങ്കിൽ നിയമിക്കപ്പെടുന്ന വ്യക്തിക്ക് 62 വയസ്സ് പൂർത്തിയാകുന്നതു വരേയോ ഇവയിൽ ഏതാണോ ആദ്യം വരിക അത് വരെയായിരിക്കും. അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയുടേയും, യോഗ്യതകളുടേയും, കൂടിക്കാഴ്ചയുടേയും അടിസ്ഥാനത്തിൽ മേൽ തസ്തികളിലേക്ക് തയ്യാറാക്കുന്ന പട്ടികയിൽ നിന്ന് ഓഫീസ് അറ്റന്റന്റ്/പ്യൂൺന്ന് മുൻഗണനാ ക്രമത്തിലായിരിക്കും നിയമനം തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾ കേരളാ സർവ്വീസ് റൂൾ ഭാഗം 1, അനുബന്ധം 1 പ്രകാരവും 09.07.2019 തിയതിയിലെ സർക്കാർ ഉത്തരവു നമ്പർ (P) 81/2019/ fin പ്രകാരവുമുള്ള വ്യവസ്ഥകൾ കൂട്ടി യോജിപ്പിച്ചു കൊണ്ടുള്ള ഒരു സമ്മത പത്രത്തിൽ സർക്കാരുമായി കരാറിലേർപ്പെടേണ്ടതാണ്.

നിയമനാധികാരി

ജില്ലാ ജഡ്ജ്, കോഴിക്കോട്.

അപേക്ഷിക്കേണ്ട വിധം

യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ പൂർണ്ണമായ ബയോഡാറ്റ ഇതോടൊപ്പം തന്നിരിക്കുന്ന മാതൃകയിൽ തയ്യാറാക്കി വയസ്സ്, യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം " ജില്ലാ ജഡ്ജ്, ജില്ലാ കോടതി, കോടതി സമുച്ചയം, കോഴിക്കോട്- 673032" എന്ന വിലാസത്തിൽ **10.11.2025** ന് വൈകുന്നേരം 5.00 മണിക്ക് മുമ്പായി കിട്ടുന്ന വിധം നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്. അപേക്ഷ കവറിന്റെ മുകളിൽ വിജ്ഞാപന നമ്പറും " താത്ക്കാലിക നിയമനത്തിനുള്ള അപേക്ഷ" എന്നും നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ഉത്തരവിൻ പ്രകാരം

ശിരസ്തദാർ

പകർപ്പ്

1. കോഴിക്കോട് ജില്ലയിലെ സിവിൽ , ക്രിമിനൽ കോടതികളിലെ പ്രിസൈഡിങ് ഓഫീസർമാർക്ക്
2. ഫയൽ

<u>**അപേക്ഷാഫോറം**</u>

(ജില്ലയിൽ കൊയിലാണ്ടിയിൽ പ്രവർത്തിക്കുന്ന കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമ (പോക്സോ) കേസുകൾ മാത്രം കൈകാര്യം ചെയ്യുന്നതിനായുള്ള പ്രത്യേക അതിവേഗകോടതിയിൽ താഴെ പറയുന്ന ഒഴിവുകളിലേക്ക് 05.11.2025 തിയ്യതിയിലെ വിജ്ഞാപന നമ്പർ A1- 13436/2025 പ്രകാരം താത്കാലികാടിസ്ഥാനത്തിൽ നിയമനം ലഭിക്കുന്നതിന്)

Affix recent passport size photo		തസ്തിക 1. ഓഫീസ് അറ്റന്റന്റ്/പ്യൂൺ
അപേക്ഷന്റെ / അപേക്ഷകയുടെ പേര് (മലയാളത്തിൽ) ഇംഗ്ലീഷിൽ, വലിയക്ഷരത്തിൽ) മൊബൈൽ നമ്പർ		
വയസ്സ്, ജനനതിയതി		
വിരമിച്ച തിയ്യതി, പി.പി.ഒ നമ്പർ വിരമിച്ച തസ്തിക		
വിദ്യാഭ്യാസ യോഗ്യത		
ഇപ്പോഴത്തെ മേൽവിലാസം		
പ്രവൃത്തി പരിചയം		
മറ്റുയോഗ്യതകൾ		

മേൽപ്രസ്താവിച്ചിട്ടുള്ള വസ്തുതകൾ എല്ലാം തന്നെ എന്റെ അറിവിലും വിശ്വാസത്തിലും പെട്ടിടത്തോളം സത്യമാണെന്നു സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:

തിയതി: (പേരും ഒപ്പും)